പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1584 05/12/2014-ൽ മറുപടിയ്ക്ക്

## "നഗരസഭകളിലെ അനധികൃത അറവുശാലകൾ"

| ചോദ്യം<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥനത്തെ പല നഗരസഭകളിലും അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ നടത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | അനധികൃത അറവുശാലകൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധ യിൽ പ്പെട്ടിട്ടില്ല. എന്നാൽ അനധികൃതമായി കശാപ്പ് നടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുള്ളതും , ആയതിന് എതിരെ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| (ബി) | അറവുശാലകളിലെ മാലിന്യം ജലാശയങ്ങളിലും പൊതു സ്ഥലങ്ങളിലും തള്ളുന്നതുമൂലമുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ അത് തടയുന്നതിനുള്ള എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) | അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് കണ്ടുപിടിച്ചു നടപടി സ്വീകരിക്കുന്നതിന് നഗരസഭകളിൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സിയ്ക്ക് വിധേയമായി സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള അറവുശാലകൾക്ക് മാത്രമേ പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ളൂ. നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ മുഖേന പീരിയോഡിക്കലായി പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ പ്രവർത്തിക്കുന്നുണ്ട് ; ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഈ വർഷത്തെ ബജറ്റിൽ എന്ത് തുക | (ഡി) | തൃശ്ശൂർ കോർപ്പറേഷനിൽ ആധുനിക രീതിയിലുള്ള അറവുശാല പ്രവർത്തിക്കുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 20 നഗരസഭകളിൽ അറവുശാലകൾ |

| | | | |
|---|---|---|---|
| | വകയിരുത്തിയിട്ടുണ്ട് ; ഈ തുക കൊണ്ട് എത്ര അറവുശാലകൾ സ്ഥാപിക്കുവാൻ സാധിക്കും ; വിശദമാക്കാമോ ; | | സ്ഥാപിക്കുവാൻ നഗരസഭകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായാണ് സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ഇ) | സംസ്ഥാനത്ത് വീടുകളുടെ എണ്ണം കൂടുകയും വിട്ടിനു ചുറ്റുമുള്ള സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞും വരുന്ന സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | മൃഗങ്ങളുടെ കശാപ്പും മാംസ വിൽപ്പനയും നിയന്ത്രിക്കുന്നത് ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ 11 -ാമത് ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ശാസ്ത്രീയമായി ആധുനിക അറവുശാലകൾ സ്ഥാപിക്കുവാൻ സർക്കാർ പ്രത്യേക ധന സഹായം അനുവദിച്ചു വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം 50 ഗ്രാമപഞ്ചായത്തുകളെ ഇതിലേക്കായി തെരഞ്ഞെടുത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശാസ്ത്രീയമായ അറവുശാല നിർമ്മിക്കുന്നതിൽ സാങ്കേതിക സഹായം നൽകുവാൻ ശുചിത്വ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനോടകം 23 നഗരസഭകൾക്ക് അറവുശാലകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയും നഗരസഭകൾക്ക് അറവുശാലകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന തരത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ